# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

08.02.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 195

## തദ്ദേശസ്ഥാപനങ്ങളുടെ ഓരോ വാർഡിലും ഒരു വീട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) തദ്ദേശ സ്ഥാപന പങ്കാളിത്തത്തോടെ നടപ്പിലാക്കുമെന്ന് 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്ന, തദ്ദേശസ്ഥാപനങ്ങളുടെ ഓരോ വാർഡിലും ഒരു വീട് പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക എത്ര; | (എ) തുക വകയിരുത്തിയിട്ടില്ല. പെട്രോൾ, ഡീസൽ ഇവയുടെമേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. പ്രസ്തുത അധിക വിൽപ്പന നികുതിയുടെ 50% തുക തദ്ദേശസ്ഥാപനങ്ങളുടെ ഓരോ വാർഡിലും ഒരു വീട് പദ്ധതി ഉൾപ്പെട്ട "എല്ലാവർക്കും വീട്" പദ്ധതിയ്ക്കായി മാറ്റി വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) സംസ്ഥാന വിഹിതമായി വകയിരുത്തപ്പെട്ട തുകയിൽ നിന്നും വീടുകൾ നിർമ്മിക്കുന്നതിനായി ഇതിനകം പിൻവലിച്ച തുക എത്ര; | (ബി) നിലവിലുള്ള ഹൗസിംഗ് പദ്ധതികൾക്ക് വേണ്ടി തുകയൊന്നും പിൻവലിച്ചിട്ടില്ല. |
| (സി) നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച 22000 വീടുകളിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്? | (സി) നിർമ്മാണം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ